കേരള കാർഷിക സർവകലാശാല

നം. എഫ്.5/3572/2023

ഇൻസ്ട്രക്ഷണൽ ഫാം,
വെള്ളായണി, തീയതി: 19/11/2024

## ക്വട്ടേഷൻ നോട്ടീസ്

ഇൻസ്ട്രക്ഷണൽ ഫാം വെള്ളായണിയിൽ 6 മാസ കാലയളവിലേക്ക് വിവിധ ഡിപ്പാർട്ട്മെന്റുകളിലേക്കും ഗവേഷണ പദ്ധതികളിലേക്കും വിദ്യാർത്ഥികളുടെ ഗവേഷണ ആവശ്യങ്ങൾക്കുമായി, കാർഷിക പണികൾ ചെയ്യുന്നതിനായി ദിവസക്കൂലി നിരക്കിൽ തൊഴിലാളികളെ നൽകുന്നതിന് താത്പര്യമുള്ളവരിൽ നിന്നും മുദ്രവച്ച ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു. EPF & MP act-ൽ രജിസ്ട്രേഷൻ ഉള്ളതും The Contract Labour (Regulation & Abolition) Act 1970 ലെ വകുപ്പ് 12-ൽ വ്യവസ്ഥ ചെയ്യും പ്രകാരം ലൈസൻസ് ലഭിച്ചിട്ടുള്ളതുമായ വ്യക്തികൾക്കായിരിക്കും മുൻഗണന.

**നിബന്ധനകൾ**

1) ഫാമിൽ നിന്ന് ആവശ്യപ്പെടുന്ന മുറയ്ക്ക് പൂർണ ആരോഗ്യമുള്ള 18-60 വയസ് പ്രായമുള്ള സ്ത്രീ/ പുരുഷ തൊഴിലാളികളെ നൽകേണ്ടതാണ്.
2) രാവിലെ 8 മുതൽ 5 വരെയുള്ള സമയങ്ങളിൽ 8 മണിക്കൂർ ആയിരിക്കും ജോലി സമയം.
3) ഫാമിൽ നിന്നും ഏൽപ്പിക്കുന്ന എല്ലാ ജോലികളും ചെയ്യാൻ തൊഴിലാളികൾ ബാധ്യസ്ഥരായിരിക്കും.
4) ജോലി ചെയ്യുന്ന ദിവസങ്ങളിലെ വേതനത്തിന് മാത്രമേ അർഹത ഉണ്ടായിരിക്കുകയുള്ളൂ.
5) ഈ കരാറുമായി ബന്ധപ്പെട്ട് സർക്കാരിലേയ്ക്ക് അടയ്ക്കേണ്ട ആദായ നികുതി (1%) ബില്ലിൽ നിന്നും ഈടാക്കുന്നതാണ്. ഇതിനു പുറമേ മറ്റെന്തെങ്കിലും നികുതികൾ അടയ്ക്കേണ്ടതുണ്ടെങ്കിൽ കരാറുകാരൻ തന്നെ അടയ്ക്കേണ്ടതാണ്.
6) ഈ ക്വട്ടേഷൻ പ്രകാരം ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് ജോലിക്കിടയിലുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് കേരള കാർഷിക സർവകലാശാല യാതൊരുവിധ ഉത്തരവാദിത്വവും ബാധ്യതയും വഹിക്കുന്നതല്ല.
7) ക്വട്ടേഷനിൽ ദിവസ വേതനം കൃത്യമായി കാണിച്ചിരിക്കണം.
8) ക്വട്ടേഷനുകൾ 28.11.2024, 11 am ന് മുൻപായി ഓഫീസിൽ ലഭിച്ചിരിക്കണം.
9) ക്വട്ടേഷനോടൊപ്പം 5,000/- രൂപ നിരതദ്രവ്യം ഓഫീസിൽ കെട്ടിവയ്ക്കേണ്ടതാണ്.
10) ക്വട്ടേഷൻ വ്യവസ്ഥകളിൽ വീഴ്ച വരുത്തിയാൽ ജോലിക്കുള്ള പ്രതിഫലം തടഞ്ഞു വയ്ക്കാനും ക്വട്ടേഷൻ റദ്ദാക്കുവാനും സെക്യൂരിറ്റി നിക്ഷേപത്തിൽ നിന്നും നഷ്ടപരിഹാരം ഈടാക്കാനും ഫാം മേധാവിയ്ക്ക് അധികാരമുണ്ടായിരിക്കും.
11) തൊഴിലാളികൾ കാർഷിക സർവകലാശാലയിലെ നിയമങ്ങൾക്ക് വിധേയമായി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടത് കരാറുകാരന്റെ ഉത്തരവാദിത്തമാണ്.

12) കാർഷിക സർവകലാശാലയുടെ അന്തസിനു നിരക്കാത്ത പ്രവർത്തികൾ കരാർ തൊഴിലാളികളിൽ നിന്ന് ഉണ്ടായാൽ അവരുടെ സേവനം അവസാനിപ്പിക്കുവാൻ ഫാം മേധാവിയ്ക്ക് അധികാരമുണ്ടായിരിക്കും.

13) ഈ ക്വട്ടേഷൻ പ്രകാരം ജോലി ചെയ്യുന്നതിന്റെ പേരിൽ കാർഷിക സർവകലാശാലയിലെ യാതൊരുവിധ നിയമനത്തിനും പ്രത്യേക അവകാശം ഉണ്ടായിരിക്കുന്നതല്ല.

ഒട്ടിച്ച് സീൽ ചെയ്ത കവറിന് മുകളിൽ ഇൻസ്ട്രക്ഷണൽ ഫാം, വെള്ളായണിയിൽ തൊഴിലാളികളെ നല്കുന്നതിനായുള്ള ക്വട്ടേഷൻ എന്ന് എഴുതിയിരിക്കണം. ക്വട്ടേഷനുകൾ പ്രൊഫസർ & ഹെഡ്, ഇൻസ്ട്രക്ഷണൽ ഫാം, കാർഷിക കോളേജ്, വെള്ളായണി- 695 522 എന്ന അഡ്രസ്സിൽ ലഭിച്ചിരിക്കണം. ക്വട്ടേഷനുകൾ 28.11.2024, 11.30 am ന് തത്സമയം സന്നിഹിതരായിട്ടുള്ള കരാറുകാരുടെ സാന്നിധ്യത്തിൽ തുറക്കുന്നതും സ്വീകാര്യമായ ക്വട്ടേഷനുകൾ ഉറപ്പിച്ച് നൽകുന്നതുമായിരിക്കും. ക്വട്ടേഷൻ നൽകിയവർ അന്നേ ദിവസം അവരുടെ സാന്നിധ്യം ഉറപ്പാക്കേണ്ടതാണ്, അല്ലാത്ത പക്ഷം പിന്നീട് ഉന്നയിക്കുന്ന ആക്ഷേപങ്ങൾ സ്വീകരിക്കുന്നതല്ല. ടി ദിവസം എന്തെങ്കിലും കാരണത്താൽ അവധിയായാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം തുറക്കുന്നതാണ്. ലഭ്യമാകുന്ന ക്വട്ടേഷനുകൾ യാതൊരു കാരണവും കാണിക്കാതെ നിരാകരിക്കാനുള്ള പൂർണ്ണമായ അധികാരം ഈ മേധാവിയിൽ നിക്ഷിപ്തമായിരിക്കും. സർക്കാർ ക്വട്ടേഷനുകൾക്കുള്ള എല്ലാ നിബന്ധനകളും ഈ ക്വട്ടേഷനും ബാധകമായിരിക്കും.

ക്വട്ടേഷൻ ഉറപ്പിച്ച് കിട്ടിയ വ്യക്തി 200 രൂപയുടെ സ്റ്റാമ്പ് പേപ്പറിൽ കരാർ ഒപ്പ് വയ്ക്കേണ്ടതാണ്. കൂടാതെ എല്ലാ ദിവസവും വൈകിട്ട് 4 pm നും 5 pm നും ഇടയ്ക്ക് ഫാം ഓഫീസിൽ വന്ന് അടുത്ത ദിവസത്തേക്ക് ആവശ്യമായ തൊഴിലാളികളുടെ എണ്ണം അന്വേഷിച്ചറിയേണ്ടതും, അതനുസരിച്ച് തൊട്ടടുത്ത ദിവസം രാവിലെ 8 മണിക്ക് മുൻപായി ആവശ്യമായ തൊഴിലാളികളെ ഫാമിൽ നേരിട്ട് എത്തിക്കേണ്ടതുമാണ്. ക്വട്ടേഷൻ ഉറപ്പിച്ച് കിട്ടുന്ന വ്യക്തിയുടെ കീഴിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ പേരിൽ കാലാനുസൃതമായി മാറി വരുന്ന ഇ. എസ്. ഐ വിഹിതം അടയ്ക്കാൻ കരാറുകാർ ബാധ്യസ്ഥനാണ്. ഫാം ആവശ്യത്തിന് തൊഴിലാളികളെ നൽകുന്നതിൽ വീഴ്ച വരുത്തുന്നതുൾപ്പെടെ മുകളിൽ പറഞ്ഞ നിബന്ധനകൾ ലംഘിക്കപ്പെടുകയാണെങ്കിൽ യാതൊരു മുന്നറിയിപ്പുമില്ലാതെ ക്വട്ടേഷൻ റദ്ദ് ചെയ്യുന്നതായിരിക്കും.

പ്രൊഫസർ &ഹെഡ്

പകർപ്പ് : നോട്ടീസ് ബോർഡ് / കെഎയു വെബ്സൈറ്റ് / ഫാം മാനേജർ / ഗ്രാമപഞ്ചായത്ത് ഓഫീസ്, കല്ലിയൂർ / വില്ലേജ് ഓഫീസ്, കല്ലിയൂർ / ഗ്രാമപഞ്ചായത്ത് ഓഫീസ്, വെങ്ങാനൂർ/ വില്ലേജ് ഓഫീസ്, വെങ്ങാനൂർ / കരുതൽ ശേഖരം